കാസർഗോഡ് ജില്ലയിൽ പുതിയ റവന്യൂ വില്ലേജ് രൂപീകരണം

17 (614) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കരിപ്പൂർ നിയോജക മണ്ഡലത്തിലെ വലിയ പറമ്പ് ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ റവന്യൂ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ വില്ലേജുകളുടെ രൂപീകരണം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ തീരുമാനം.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും കൂരാച്ചുണ്ട് വില്ലേജിൽത്തന്നെ ഉൾപ്പെടുത്തണമെന്ന ആവശ്യം

18 (615) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഏതെല്ലാം വില്ലേജുകളിലാണ് സ്ഥിതിചെയ്യുന്നത് എന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ എല്ലാ വാർഡുകളും കൂരാച്ചുണ്ട് വില്ലേജിൽ തന്നെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടങ്കിൽ ഇതിൻപ്രകാരം എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കായണ്ണ, കാന്തലോട് എന്നീ വില്ലേജുകളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സർവ്വേരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന ഏജൻസികൾ

19 (616) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നത് ഏതൊക്കെ ഏജൻസികൾ മുഖാന്തിരമാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly